# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011
(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)
ടെലിഫോൺ നംബർ - 0495 2367820
ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

സാജമ്മ .ജെ. പുന്നൂർ : ചെയർപേഴ്സൺ

ഫ്രാൻസിസ് . എ. സി : മെമ്പർ

## ഓ.പി. നം.39/2024-25

പരാതിക്കാരൻ :

1. ശ്രീ. പി.ടി. അബ്ദുൾ നാസർ, നെലൂഫൻ ഹൌസ്, ഒലീവ് – 24, ഒലീവ് റെസിഡൻസി,പട്ടേരി ഇല്ലം പറമ്പ്, പന്നിയങ്കര, കല്ലായി – പിഒ, കോഴിക്കോട് – 673 003.

എതിർകക്ഷികൾ :

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കല്ലായി, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.
2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കല്ലായി, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട് .

# ഉത്തരവ്

## പരാതി:

പരാതിക്കാരൻ കല്ലായി ഇലക്ട്രിക്കൽ സെക്ഷനിൽ **1166347021064** എന്ന കൺസ്യൂമർ നമ്പറിൽ ഗാർഹിക താരിഫിൽ സിംഗിൾ ഫേസ് വൈദ്യുതി കണക്ഷനുള്ള ഉപഭോക്താവാണ്. ജൂലൈ മാസത്തിൽ പരാതിക്കാരന് **33,493/-** രൂപയുടെ ബില്ലാണ് ലഭിച്ചതെന്നും, ഏകദേശം **2000/-** രൂപയ്ക്കും **7000/-** രൂപയ്ക്കും ഇടയിൽ മാത്രമേ സാധാരണയായി ബിൽ വരാറുള്ളൂ എന്നും കൂടുതലായി വൈദ്യുതി ഉപയോഗിച്ചിട്ടില്ല എന്നും, ആയതിനാൽ **33,493/-** രൂപയുടെ ബില്ലിന്റെ പ്രശ്നം എത്രയും പെട്ടെന്ന് പരിഹരിച്ച് നൽണമെന്നും പരാതിക്കാരൻ അഭ്യർത്ഥിക്കുന്നു.

## പരാതിക്കാരന്റെ വിശദീകരണം :-

പരാതിക്കാരൻ കോഴിക്കോട് കല്ലായി ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ **1166342021064** കൺസ്യൂമർ നമ്പർ ഗാർഹിക താരീഫിൽ, **3810** വാട്ട്സ് കണക്ടഡ് ലോഡോടു കൂടിയ വൈദ്യുതി കണക്ഷൻ ഉപഭോക്താവാണ്. പരാതിക്കാരന്റെ മേൽ കൺസ്യൂമർ നമ്പറിലേക്ക് **33,493/-** രൂപയുടെ ഭീമമായ ബിൽ കല്ലായി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും നൽകിയത്. എന്നാൽ പരാതിക്കാരന് **2000/-** രൂപ മുതൽ **7,000/-** രൂപ വരെയാണ് സാധാരണയായി വൈദ്യുതി ബിൽ വരാറുള്ളൂ എന്നും, കൂടുതലായി ഉപയോഗം ഇല്ലാത്തതിനാലും, ഇത്രയും വലിയ തുക ഇതു വരെ ഉണ്ടായിട്ടില്ലാത്തതിനാലും, കല്ലായി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും നൽകിയ പരാതിക്കാസ്പദമായ **33,493/-** രൂപയുടെ ബിൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ചു തരണമെന്നാണ് ബഹുമാനപ്പെട്ട ഫോറത്തോട് പരാതിക്കാരൻ അപേക്ഷിക്കുന്നത്.

## എതിർകക്ഷിയുടെ വിശദീകരണം :-

എതിർകക്ഷിയുടെ റിപ്പോർട്ട് പ്രകാരം പരാതിക്കാരൻ കല്ലായി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലെ **1166347021064** കൺസ്യൂമർ നമ്പറിൽ, **3810** വാട്ട്സ് രെജിസ്റ്റേർഡ് കണക്ടഡ് ലോഡോടു കൂടിയ ഗാർഹിക വൈദ്യുതി കണക്ഷൻ ഉപഭോക്താവാണ്. പരാതിക്കാരന്റെ ഗാർഹിക വൈദ്യുതി കണക്ഷനിലേക്ക് **33,493/-** രൂപയുടെ ബിൽ കല്ലായി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി തുക ഒഴിവാക്കി നൽകുന്നതിനായി ബഹുമാനപ്പെട്ട ഫോറം മുൻപാകെ പരാതി നൽകിയിരിക്കുന്നത്, പരാതിയുടെ അടിസ്ഥാനത്തിൽ കല്ലായി ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ പരാതിക്കാസ്പദമായ സ്ഥലം പരിശോധിച്ചതിന്റെ ഫലമായി മീറ്ററിൽ നിന്നും പുറത്തേക്ക് നൽകിയിരിക്കുന്ന വയറിങ്ങിൽ ജോയിന്റ് ഉള്ളതായും, ഇതിൽ നിന്നും 3 ഫേസിലേക്ക് കണക്ട് ചെയ്തതായി കാണുകയും, പ്രസ്തുത ജോയിന്റിൽ നൽകിയ ഇൻസുലേഷൻ കാലാഹരണപ്പെട്ട് മീറ്റർ ബോക്സുമായി ടച്ച് ചെയ്തതിനാലാണ് വൈദ്യുതി ചോർച്ച സംഭവിച്ചതെന്നും, കൂടാതെ പരിശോധനയിൽ ELCB പ്രവർത്തനരഹിതമാണ് എന്ന് കണ്ടെത്തിയതായും ആണ് എതിർകക്ഷി വിശദീകരണത്തിൽ ബോധിപ്പിക്കുന്നത്.

പ്രസ്തുത കൺസ്യൂമറിന്റെ ഉപഭോഗം താഴെ പറയുന്നു.

01/2024 മുതൽ 03/2024 - 609 യൂണിറ്റ്

03/2024 മുതൽ 05/2024 - 815 യൂണിറ്റ്

05/2024 മുതൽ 07/2024 - 3334 യൂണിറ്റ്

പരാതിക്കാരന്റെ പരാതിക്കാസ്പദമായ മീറ്റർ, Capacity 5-20A, **Sl.No. 728063**, Unilec നിർമ്മിതവും ആയ ടി മീറ്ററിൽ 05/2024 മുതൽ 07/2024 - 3334 യൂണിറ്റ് ഉപയോഗം രേഖപ്പെടുത്തിയതിനാൽ ടി ഉപയോഗത്തിന് 33,493/- രൂപയുടെ ബിൽ നൽകുകയുണ്ടായി. പ്രസ്തുത ബിൽ പരാതിക്കാരൻ

അടവാക്കുവാൻ ബാധ്യസ്ഥനാണെന്നും, ആയതിനാൽ പരാതിക്കാരന് നൽകിയ 33,493/- രൂപ യുടെ ബിൽ അടവാക്കുവാക്കുന്നതിനുള്ള നിർദ്ദേശം പരാതിക്കാരന് നൽകി ഉത്തരവ് നൽകണം എന്നും ആണ് എതിർകക്ഷി ബഹുമാനപ്പെട്ട ഫോറത്തോട് അപേക്ഷിക്കുന്നത്.

## <u>അവലോകനവും, കണ്ടെത്തലും:</u>

ഈ കേസിന്റെ വിചാരണ **10/09/2024**ന് സി.ജി.ആർ.എഫ്, കോഴിക്കോട് വെച്ച് നടന്നു. പരാതിക്കാരനും, എതിർകക്ഷിയും ഹാജരായിരുന്നു. ഹാജരാക്കിയ രേഖകളുടെയും, മൊഴികളുടേയും അടിസ്ഥാനത്തിൽ ഫോറത്തിന് താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

- പരാതിക്കാരന് **1166347021064** കൺസ്യൂമർ നമ്പറായി ഗാർഹിക താരിഫിൽ **3810** വാട്ട്സ് കണക്ടഡ് ലോഡോടുകൂടിയ ഒരു സിംഗിൾ ഫേസ് സർവ്വീസ് കണക്ഷൻ കല്ലായി ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ഉണ്ട്. ജൂലൈ **2024** മാസത്തിൽ പരാതിക്കാരന് **33,493/-** രൂപയുടെ ബില്ലാണ് ലഭിച്ചതെന്നും, അത്രയും വൈദ്യുതി ഉപയോഗിച്ചിട്ടില്ലെന്നും സാധാരണയായി **7000/-** രൂപയിൽ താഴെയുള്ള തുകയിലേ ബിൽ ഉണ്ടാകാറുള്ളൂ എന്നും പരാതിക്കാരൻ അറിയിക്കുന്നു.
- പരാതിക്കാരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ടി സ്ഥലം പരിശോധിച്ചെന്നും മീറ്ററിൽ നിന്ന് പുറത്തേക്ക് നൽകിയിരിക്കുന്ന വയറിങ്ങിൽ ജോയിന്റ് ഉണ്ടെന്നും ഇതിൽ നിന്നും കട്ട് ഔട്ട് ഫ്യൂസിലേക്ക് കണക്ട് ചെയ്തതായി കാണുകയും പ്രസ്തുത ജോയിന്റിൽ ഉണ്ടായിരുന്ന ഇൻസുലേഷൻ കാലാഹരണപ്പെട്ട് മീറ്റർ ബോക്സ് ആയി ടച്ച് ആയതിനാലാണ് വൈദ്യുതി ലീക്കേജ് ഉണ്ടായിട്ടുള്ളതെന്നും എതിർകക്ഷി

അറിയിച്ചു. വൈദ്യുതി ലീക്കേജ് ഉണ്ടായതുകൊണ്ടാണ് മീറ്ററിൽ കൂടിയ വൈദ്യുതി ഉപഭോഗം രേഖപ്പെടുത്തുവാൻ ഇടയായത് എന്ന് ഫോറം മനസ്സിലാക്കുന്നു.

- വൈദ്യുതി ലീക്കേജ് ഉണ്ടായിരിക്കുന്നത് മീറ്ററിനും, കട്ട് ഔട്ട് ഫ്യൂസിന്റെ incomer ഭാഗത്തിനും ഇടയിലുള്ള വയറിങ്ങിലാണ് എന്ന് എതിർകക്ഷി അറിയിച്ചിട്ടുണ്ട്. കേടായ വയറിംഗ് മാറ്റി leakage ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ടെന്നും, ഇപ്പോൾ മീറ്റർ ശരിയായിട്ട് പ്രവർത്തി ക്കുന്നുണ്ടെന്നും എതിർകക്ഷി അറിയിച്ചു.
- പരാതിക്കാരന്റെ പ്രിമിസ്സസിൽ earth leakage ഉണ്ടായിരിക്കുന്നത് മീറ്ററിനും, കട്ട് ഔട്ട് ഫ്യൂസിന്റെ incomer ഭാഗത്തിനും ഇടയിലുള്ള വയറിങ്ങിലാണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് **2014** സെക്ഷൻ **2(64)** പ്രകാരം'point of supply' തുടങ്ങുന്നത് Cut out fuse ന്റെ incomer terminal മുതലാണ്. ഇവിടെ earth leakage ഉണ്ടായിരിക്കുന്നത് 'point of supply' ക്ക് മുൻപായിട്ടാണ്. അതായത് earth leakage ഉണ്ടായിരിക്കുന്ന വയറിങ്ങ് ലൈസൻസിയുടെ പ്രതിഷ്ഠാപനങ്ങളിൽ പെട്ട ഭാഗത്താണ്. ലൈസൻസിയുടെ പ്രതിഷ്ഠാപനങ്ങളിൽ ഉണ്ടായ earth leakageമൂലം ഉണ്ടായിട്ടുള്ള അധിക ഉപയോഗത്തിന്റെ തുക അടവാക്കുവാൻ പരാതിക്കാരൻ ബാധ്യസ്ഥനല്ല എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.

## തീരുമാനം:

- പരാതിക്കാരന് **18/07/2024**ന് എതിർകക്ഷി നൽകിയ **33,493/-**രൂപയുടെ ബിൽ ഫോറം റദ്ദാക്കിയിരിക്കുന്നു.
- പരാതിക്കാരന്റെ **05/2024** മുതൽ **07/2024** വരെയുള്ള ഉപയോഗത്തിന് പരാതിക്കാരന്റെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ നൽകേണ്ടതാണ്.

മേൽ പറഞ്ഞ തീരുമാന പ്രകാരം ഫോറം പരാതി തീർപ്പാക്കി ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തിനാലാമാണ്ട് സെപ്റ്റംബർ മാസം 24 തിയ്യതി.

*Sd/-* *Sd/-*

**സാജമ്മ.ജെ.പുന്നൂർ** **ഫ്രാൻസിസ് .എ.സി**

**ചെയർപേഴ്സൺ** **മെമ്പർ**

**3***Endt.on CGRF-NR/OP* **39/2024-25/***289* ***24/09/2024***

അയയ്ക്കുന്നത്:

| | |
|---|---|
| **1** ശ്രീ. പി.ടി. അബ്ദുൾ നാസർ,<br>നെലൂഫൻ ഹൌസ്, ഒലീവ് – 24,<br>ഒലീവ് റെസിഡൻസി,<br>പട്ടേരി ഇല്ലം പറമ്പ്,<br>കല്ലായി – പി.ഒ,പന്നിയങ്കര,<br>കോഴിക്കോട് – 673 003. | ഫോറത്തിന്റെ **മേൽ** ഉത്തരവി**ൽ** സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് / പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് സമക്ഷം ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തി**ൽ** അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാ**ൻ**, ഡി.എച്ച് റോഡ്, ഓഫ്ഷോ**ർ** റോഡ് ജംഗ്ഷ**ൻ,** ഗാന്ധി സ്ക്വയറിന് സമീപം എറണാകുളം, കേരള-682016 (ഫോൺ 0484 2346488). |

2. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കല്ലായി,
കെ.എസ്.ഇ.ബി ലി, കോഴിക്കോട്.

കോപ്പി സമർപ്പിക്കുന്നത് :

ചീഫ് എഞ്ചിനീയ**ർ** (ഡിസ്ട്രിബ്യൂഷ**ൻ** - നോർത്ത് ), കോഴിക്കോട്. .

കോപ്പി സമർപ്പിക്കുന്നത് :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയ**ർ,**
   ഇലക്ട്രിക്ക**ൽ** സർക്കിൾ**,**കോഴിക്കോട് ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.

3. എക്സിക്യൂട്ടീവ് എഞ്ചിനീയ**ർ,**
   ഇലക്ട്രിക്ക**ൽ** ഡിവിഷൻ,ഫറോക്ക്
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.

4. അസിസ്റ്റന്റ് എഞ്ചിനീയ**ർ**
   ഇലക്ട്രിക്ക**ൽ** സെക്ഷൻ, കെ.എസ്.ഇ.ബി
   ലിമിറ്റഡ്, കല്ലായി, കോഴിക്കോട്.

Forwarded
Sd/-
Chairperson